# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

67

www.industry.kerala.gov.in

01 SEPTEMBER 2024





# ഇത് ലോകമറിയും

## 'മെയ്ഡ് ഇൻ കേരള ബ്രാൻഡ്' സർട്ടിഫിക്കറ്റുകൾ സമ്മാനിച്ചു

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരെ കൈപിടിച്ചുയർത്താനുള്ള ശ്രമത്തിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ഉല്പന്നങ്ങൾക്ക് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി . രാജീവ് 'മെയ്ഡ് ഇൻ കേരള ബ്രാൻഡ്" സർട്ടിഫിക്കറ്റ് സമ്മാനിച്ചു. ഗുണനിലവാരം, നൈതിക ഉല്പാദനം എന്നിവയെ ആധാരമാക്കി നൽകുന്ന 'മെയ്ഡ് ഇൻ കേരള ബ്രാൻഡിങ്" സംസ്ഥാനത്തെ സംരംഭകർക്ക് വലിയ ആത്മവിശ്വസം പകരുമെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തു കൊണ്ട് ബഹു. മന്ത്രി പറഞ്ഞു.

കേരളത്തിൽ നിർമിക്കുന്ന ഉൽപന്നങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും ആഗോള ഗുണനിലവാരം കൊണ്ടുവരികയും രാജ്യാന്തര വിപണിയിലെ വിപണനസാധ്യത കൂട്ടുകയും പൊതുവായ ഒരു ബ്രാൻഡ് സൃഷ്ടിച്ചെടുക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് 'കേരള ബ്രാൻഡ്". ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട ആറ് വെളിച്ചെണ്ണ ഉല്പാദകർക്കാണ് മെയ്ഡ് ഇൻ കേരള ബ്രാൻഡ് സർട്ടിഫിക്കറ്റ് സമ്മാനിച്ചത്. എംആർഎൽ കുട്ടനാടൻ കോക്കനട്ട് ഓയിൽ (ആലപ്പുഴ), കെഡിസൺ എക്സ്പെല്ലേഴ്സ് (കോട്ടയം), വരാപ്പെട്ടി കോക്കനട്ട് ഓയിൽ (എറണാകുളം), കെഎം ഓയിൽ ഇൻഡസ്ട്രീസ്, അഞ്ചരക്കണ്ടി എഫ്എസ്സി ബാങ്കിന്റെ സഹകാരി ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രൊസസിങ് പ്ലാന്റ് (കണ്ണൂർ), കളത്ര ഓയിൽ മിൽസ് (കാസർകോട്) എന്നീ വെളിച്ചെണ്ണകൾക്കാണ് ആദ്യഘട്ടത്തിൽ ബ്രാൻഡിങ് നൽകിയത്. www.keralabrand.industry.kerala.gov.in/ എന്ന പോർട്ടലിൽ സംരംഭങ്ങൾക്കു കേരള ബ്രാൻഡ് സർട്ടിഫിക്കറ്റിനായി അപേക്ഷിക്കാവുന്നതാണ്.

വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. ചടങ്ങിന് അധ്യക്ഷത വഹിച്ചു. വ്യവസായ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ ശ്രീ. എസ്.ഹരികിഷോർ ഐ.എ.എസ്., എക്സിക്യുട്ടീവ് ഡയറക്ടർ ശ്രീ. ആർ ഹരികൃഷ്ണൻ, പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ ബോർഡ് എക്സിക്യൂട്ടീവ് ചെയർമാൻ ശ്രീ. കെ.അജിത്കുമാർ, കിൻഫ്ര എം ഡി ശ്രീ. സന്തോഷ് കോശി തോമസ്, കെബിപ്പ് സി. ഇ. ഒ. ശ്രീ. സൂരജ് എസ്., കെഎസ്എസ്ഐഎ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു

## സംസ്ഥാനത്തെ ആദ്യ ഫുഡ്ടെക് കോൺക്ലേവ്

### 2024 സെപ്തംബർ 2ന് കൊച്ചിയിൽ

ഫുഡ് ടെക്നോളജി വ്യവസായങ്ങളുടെ രംഗത്ത് രാജ്യത്ത് ഏറ്റവും മുൻനിരയിലുള്ള സംസ്ഥാനങ്ങളിലൊന്നായ കേരളം ഈ മേഖലയിൽ രാജ്യത്തിന്റെ ഹബ്ബാകാനൊരുങ്ങുന്നു. ഫുഡ് ടെക്നോളജി രംഗത്ത് വലിയ നിക്ഷേപം കൊണ്ടുവരാനുള്ള ശ്രമങ്ങളാണ് വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ചു വരുന്നത്. ഇതിന്റെ ആദ്യ ചുവടായി 'കേരള ഫുഡ് ടെക് കോൺക്ലേവ്" 2024 സെപ്തംബർ 2ന് കൊച്ചിയിൽ സംഘടിപ്പിക്കുന്നു.

ഫുഡ് പ്രോസസിങ്ങ് മേഖലയിലെ നൂതന സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തുന്നതിനും ഈ മേഖലയിൽ നമ്മുടെ നാട്ടിലെ സാധ്യതകൾ കൂടുതൽ നിക്ഷേപകരിലേക്കെത്തിക്കുന്നതിനും നിലവിലുള്ള പ്രതിസന്ധികൾ ചർച്ച ചെയ്ത് പരിഹാരം കാണുന്നതിനും ഈ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും നിലവിലെ നയം സംരംഭകർക്കനുകൂലമായ വിധത്തിൽ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനും ഫുഡ്ടെക് കോൺക്ലേവ് വഴി സാധിക്കും. 2025ലെ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിലേക്ക് ഇന്റർനാഷണൽ ജെൻ എ.ഐ. കോൺക്ലേവിനും ഓൺഗോയിങ്ങ് ഇൻവെസ്റ്റേഴ്സ് കോൺക്ലേവിനും ചെന്നൈ റോഡ് ഷോയ്ക്കും റോബോട്ടിക്സ് റൗണ്ട് ടേബിളിനും ശേഷമുള്ള അടുത്ത ചുവട് കൂടിയാണീ കേരള ഫുഡ് ടെക് കോൺക്ലേവ്.







# ഭാവിയിലേക്കുള്ള സൂചകമായി റോബോട്ടിക് റൗണ്ട് ടേബിൾ

ലോകമെമ്പാടും റോബോട്ടിക്സിന്റെ കടന്നു കയറ്റത്തോടെ തൊഴിൽനഷ്ടത്തെക്കുറിച്ച് ആവലാതിപ്പെടുമ്പോൾ കേരളത്തിലെ റോബോട്ടിക് മേഖല തൊഴിൽദാതാക്കളാവുകയാണെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് പറഞ്ഞു. കൊച്ചിയിൽ കെഎസ്ഐഡിസി സംഘടിപ്പിച്ച റോബോട്ടിക്സ് റൗണ്ട് ടേബിൾ ഏകദിനസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലോകത്തെമ്പാടും നിർമ്മിത ബുദ്ധി, റോബോട്ടിക്സ് എന്നിവയിലൂടെ തൊഴിൽ നഷ്ടപ്പെടുമോയെന്ന ആശങ്ക നിലനിൽക്കുകയാണ്. എന്നാൽ കേരളത്തിലെ റോബോട്ടിക് സംരംഭങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണെന്ന് ബഹു. മന്ത്രി ചൂണ്ടിക്കാട്ടി. എങ്ങനെ പുതിയ സ്റ്റാർട്ടപ്പുകളിലേക്ക് നിക്ഷേപകരെ ആകർഷിക്കാമെന്നതാണ് സർക്കാരിന്റെ പ്രാഥമികമായ പരിഗണനയെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എപിഎം മുഹമ്മദ് ഹനീഷ് ഐ.എ.എസ്. പറഞ്ഞു.



റോബോട്ടിക് സാങ്കേതിക വിദ്യയെ പരമാവധി പ്രോത്സാഹിപ്പിക്കുകയെന്നതിനോടൊപ്പം ധനപരവും, സാമൂഹ്യപരവും, ഭരണപരവുമായ എല്ലാ സഹായസഹകരണങ്ങളും ഉറപ്പ് നൽകുന്നതായി അദ്ദേഹം പറഞ്ഞു.

വ്യവസായനയത്തിൽ മുൻഗണന നൽകുന്ന 22 മേഖലകളിൽ ഒന്നായാണ് റോബോട്ടിക്സിനെ സർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് ചടങ്ങിൽ സ്വാഗതം ആശംസിച്ച വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ ശ്രീ. എസ് ഹരികിഷോർ ഐ.എ.എസ് പറഞ്ഞു. വ്യവസായവകുപ്പിൽ നിന്ന് ഈ മേഖലയുടെ പ്രതീക്ഷ, സാധ്യതകൾ, ഭാവിപരിപാടികൾ എന്നിവയുടെ സമഗ്രമായ ചർച്ചകളാണ് റൗണ്ട് ടേബിൾ കൊണ്ട് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ഹരി കൃഷ്ണൻ ആർ നന്ദി അറിയിച്ചു. കെഎസ്ഐഡിസി ചെയർമാൻ പോൾ ആൻറണി ഐ.എ.എസ് (റിട്ട.), കേരള ടെക്നിക്കൽ സർവകലാശാല, ഡിജിറ്റൽ സർവകലാശാല എന്നിവയുടെ വൈസ് ചാൻസിലർ ഡോ. സജി ഗോപിനാഥ്, കിൻഫ്ര എംഡി ശ്രീ. സന്തോഷ് കോശി തോമസ്, കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ ശ്രീ. അനൂപ് അംബിക, അർമാഡ എഐ യുടെ വൈസ്പ്രസിഡൻറ് ശ്രീ. പ്രാഗ് മിശ്ര, ഇൻഡസ്ട്രിയൽ എഐ അക്സഞ്ചർ എം ഡി ശ്രീ. ഡെറിക് ജോസ് തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. പത്ത് കോളേജുകളുടേതടക്കം 31 കമ്പനികളുടെ റോബോട്ടിക് ഉത്പന്നങ്ങളുടെ പ്രദർശനവും സമ്മേളനത്തിലുണ്ടായിരുന്നു.

# കേരളത്തിന്റെ സ്വന്തം കെ-ഷോപ്പി ഓൺലൈൻ പോർട്ടൽ ഒരുങ്ങി

കേരളത്തിന്റെ പൊതുമേഖലാ ഉത്പ്പന്നങ്ങൾക്കായി ഓൺലൈൻ പ്ലാറ്റ്ഫോം ഒരുങ്ങി. ആദ്യഘട്ടത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾ വിൽപ്പനയ്ക്ക് വെക്കുന്ന കേരളത്തിന്റെ സ്വന്തം കെ ഷോപ്പി ഓൺലൈൻ പോർട്ടൽ 2024 ആഗസ്റ്റ് 29 ന് തിരുവനന്തപുരത്ത് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു.

കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ മികച്ച ഗുണനിലവാരമുള്ള അനവധി ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കുന്നുണ്ട്. എന്നാൽ ഇവയുടെ വിൽപ്പന പലപ്പോഴും പ്രാദേശിക വിപണികൾക്കപ്പുറത്തേക്ക് എത്തുന്നില്ല. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗിച്ച് ഈ പരമ്പരാഗത ഉൽപ്പന്നങ്ങളുടെ മാർക്കറ്റും ബ്രാൻഡ് മൂല്യവും വർദ്ധിപ്പിക്കുന്നതിനാണ് ആദ്യഘട്ടത്തിൽ Kshoppe.in . ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം കേരളത്തിലെ പൊതുമേഖലയുടെ




പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ഒരു ഏകീകൃത ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവന്ന് ഉൽപ്പന്നങ്ങളെയെല്ലാം ഒരൊറ്റ സർക്കാർ ബ്രാൻഡിന് കീഴിൽ ലഭ്യമാക്കുന്നതിനുള്ള തുടക്കമാണിത്. നിലവിൽ 20 പൊതുമേഖലാ സ്ഥാപനങ്ങളുടെ 350ഓളം ഉൽപ്പന്നങ്ങൾ kshoppe.in പോർട്ടലിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്.



വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾക്ക് ആഗോളതലത്തിൽ പ്രചാരം ലഭിക്കുന്നതിനും കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനും അതിലൂടെ അർഹമായ നേട്ടങ്ങൾ അവയ്ക്ക് ലഭിക്കുന്നതിനും ഈ ഓൺലൈൻ പ്ലാറ്റ്ഫോം സഹായകമാകും.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.